LIBRARY ARCHIVES Kerala Legislative Assembly

കാണാതായവർ

33 (1775) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2010 വരെ ഓരോ വർഷവും കാണാതായവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇവരിൽ പുരുഷന്മാരെത്ര ; സ്ത്രീകളെത്ര ; കുട്ടികളെത്ര ;

(ബി) ഇതു സംബന്ധിച്ച് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ ;

(സി) കാണാതായ എത്രപേർ കൊല്ലപ്പെട്ടു എന്ന് കണ്ടെത്തിയിട്ടുണ്ട് ;

(ഡി) ഈ കാലയളവിൽ എത്ര പേരെ തട്ടിക്കൊണ്ടുപോയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; അതിൽ എത്രപേരെ മോചിപ്പിച്ചു ; ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 33 പേർ.

(ഡി) 1167 പേരെ തട്ടിക്കൊണ്ട് പോയതായി റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 1138 പേരെ മോചിപ്പിക്കുകയും 150 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പോലീസ് സഹകരണസംഘം വിതരണം നടത്തേണ്ട ഗ്യാസ് സിലിണ്ടർ കരിഞ്ചന്തയിൽ വിറ്റ സംഭവം

34 (1776) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സഹകരണസംഘം മുഖേന പോലീസുകാർക്ക് വിതരണം നടത്തേണ്ട പാചകവാതകം കടത്തി കരിഞ്ചന്തയിൽ വിൽപ്പന നടത്തിയത് നാട്ടുകാർ തടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ; എഫ്ഐആറിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) വർഷങ്ങളായി ഇത്തരം കരിഞ്ചന്ത കച്ചവടം നടത്തി വന്നവരെക്കുറിച്ചും അതു മുഖേനയുള്ള അനധികൃത സാമ്പത്തിക ഇടപാടുകളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.